പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2514 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിലെ ബോർഡുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയിൽ സഹകരണ പരീക്ഷാ ബോർഡ്, സഹകരണ പെൻഷൻ ബോർഡ്, സഹകരണ വെൽഫെയർ ബോർഡ്, സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ബോർഡ്, റിസ്ക് ഫണ്ട് ബോർഡ് എന്നിവ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളിലെയും ബോർഡുകളിലെയും മറ്റു സ്ഥാപനങ്ങളിലെയും ജൂനിയർ ക്ലർക്ക് മുതൽ മുകളിലേക്കുള്ള തസ്തികകളിലേക്കുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങളും നടത്തുന്നതിനുവേണ്ടി രൂപീകരിച്ച സഹകരണ സർവ്വീസ് പരീക്ഷാ ബോർഡും സഹകരണ മേഖലയിലെ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായിട്ട് രൂപീകൃതമായ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡും കേരളത്തിലെ സഹകരണ മേഖലയിലെ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി രൂപീകൃതമായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡും സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡും സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി രൂപീകൃതമായ സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡും നിലവിൽ പ്രവർത്തിച്ച് വരുന്നു. ഈ സർക്കാർ അധികാരമേറ്റ സാഹചര്യത്തിൽ ടി ബോർഡുകളിലെ ഭരണ സമിതികൾ രാജി വച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത ബോർഡുകളിലെ ഭരണ സമിതികൾ പുന:സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ബോർഡ് അംഗങ്ങളെ നിയമിക്കാത്തത് കാരണം വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ ഭരണസമിതി നിലവിലില്ലാത്ത സാഹചര്യത്തിൽ പുതിയ ഭരണസമിതി അധികാരം ഏൽക്കുന്നത് വരെ വിരമിച്ച സഹകരണ സംഘം ജീവനക്കാർക്കുള്ള പെൻഷൻ/ഫാമിലി പെൻഷൻ വിതരണം തടസ്സപ്പെടാതെ നടത്തുന്നതിനായി പെൻഷൻ ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തി 17/08/2026 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 328/2026/സഹ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിൻ പ്രകാരം പുതിയ ഭരണസമിതി അധികാരം ഏൽക്കുമ്പോൾ പ്രസ്തുത നടപടികൾ സാധൂകരിക്കുന്നതിന് പെൻഷൻ

ബോർഡ് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ പെൻഷൻ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ നിലവിൽ കാലതാമസം നേരിടുന്നില്ല.

(സി) റിസ്ക് ഫണ്ട് ബോർഡ് നിലവിലില്ലാത്തതിനാൽ അകാലമരണം സംഭവിച്ച സഹകാരികളുടെ വായ്പകൾ എഴുതി തള്ളുന്നത് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പോലും നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അകാലമരണം സംഭവിച്ച സഹകാരികളുടെ വായ്പകൾക്കുൾപ്പെടെ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ 17.05.2026 വരെ തീർപ്പാക്കുവാൻ ബാക്കി നിന്നിരുന്ന 18982 അപേക്ഷകളും ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച 6223 അപേക്ഷകളും ഉൾപ്പെടെ ആകെ 25,205 അപേക്ഷകൾ നിലവിൽ തീർപ്പുകൽപ്പിക്കാതെ അവശേഷിക്കുന്നുണ്ട്.

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ പുതിയ ഭരണസമിതി ചുമതലയേറ്റെടുക്കുന്നത് വരെ, റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനും ഇപ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിയ്ക്കുന്ന നടപടികൾ പൂതുതായി അധികാരമേൽക്കുന്ന ഭരണസമിതി മുൻപാകെ സമർപ്പിച്ച് സാധൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബോർഡിന്റെ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 30-09-2026 തീയതിയിൽ സ.ഉ(സാധാ) നം. 365/2026/Co-Op. പുറപ്പെടുവിച്ചിട്ടുണ്ട്. തദനുസൃതമായി തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ